പതിമൂന്നാം കേരളനിയമസഭ

എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ. 1096

21.3.2013-ലെ മറുപടിക്ക്

## സ്കൂൾ പ്രവേശനത്തിനുള്ള പ്രായം

ചോദ്യം

ശ്രീ.പി.കെ. ബഷീർ

ഉത്തരം

ശ്രീ.പി.കെ. അബ്ദുറബ്ബ്
(വിദ്യാഭ്യാസ വകുപ്പ് മന്ത്രി)

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് ഒന്നാം ക്ലാസിൽ ചേരുന്നതിനുള്ള പ്രായപരിധി ഇപ്പോൾ എത്രയാണ്: | (എ) | നിലവിൽ ഒന്നാം ക്ലാസ് പ്രവേശനത്തിനുള്ള പ്രായപരിധി 5 വയസ്സാണ് |
| (ബി) | ചില സ്കൂളുകളിൽ 6 വയസ്സും, ചിലതിൽ അഞ്ചു വയസ്സുമാണ്. ഇക്കാര്യത്തിൽ നിലപാട് വ്യക്തമാക്കുമോ; | (ബി) & (സി) | കേന്ദ്രവിദ്യാഭ്യാസഅവകാശനിയമപ്രകാരം 6 മുതൽ 14 വയസ്സു വരെയുള്ള കുട്ടികൾക്കാണ് സൗജന്യപ്രാഥമിക വിദ്യാഭ്യാസം നിർബന്ധമാക്കിയിട്ടുള്ളത്.എന്നാൽ കേരളത്തിലെ കേന്ദ്രീയ വിദ്യാലയങ്ങളുൾപ്പെടെയുള്ള കേന്ദ്ര സ്കൂളുകളിൽ 5 വയസ്സുതന്നെ നിലനിൽക്കുന്ന സാഹചര്യത്തിൽ സംസ്ഥാനത്തെ എല്ലാ സ്കൂളുകളിലും ഒന്നാം ക്ലാസ് പ്രവേശനത്തിന് ഇനിയൊരുത്തരവുണ്ടാകും വരെ 5 വയസ്സു തന്നെയായിരിക്കും പ്രായപരിധി എന്ന് ഉത്തരവു പുറപ്പെടുവിച്ചിട്ടുണ്ട്. |
| (സി) | എങ്കിൽ പ്രായപരിധി ഏകീകരിക്കുന്നതിന് നടപടിസ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ? | | |

സെക്ഷൻഓഫീസർ